## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2294 — 08.03. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റവന്യൂ കമ്മി**

ചോദ്യം — ശ്രീ.സി.മമ്മൂട്ടി

ഉത്തരം — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കണക്കു പ്രകാരം 2015-16, 2016-17 വർഷങ്ങളിൽ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ടായിട്ടുണ്ട്.<br>2015-16 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം റവന്യൂകമ്മി 31329.35 ലക്ഷം രൂപയാണ്. 2016-17 സാമ്പത്തിക വർഷം പൂർത്തിയായിട്ടില്ലാത്തതിനാൽ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. |
| (ബി) കമ്പനിക്ക് കൈമാറിക്കിട്ടിയ ആസ്തികൾക്കുള്ള സീനിയറേജ് ഇതോടൊപ്പം കണക്കാക്കി-യിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ; | (ബി) 31.03.2013 തീയതിയിലെ G.O. (P) No.46/2013/PD സർക്കാർ ഉത്തരവു പ്രകാരമുള്ള വാല്യുവിലാണ് കെ.എസ്.ഇ.ബി-യുടെ ആസ്തി ബാധ്യതകൾ കമ്പനിക്ക് കൈമാറിയത്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)<br>കമ്പനി നിയമപ്രകാരമാണ് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കണക്കുകൾ തയ്യാറാക്കുന്നത്. 2015-16 വരെ ആഡിറ്റ് പൂർത്തിയായിട്ടുമുണ്ട്. |
| (സി) റവന്യൂ കമ്മി ഉണ്ടായിട്ടുണ്ടെ-ങ്കിൽ അതു നികത്താനും കമ്മി ഉണ്ടാകാതിരിക്കാനും എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (സി) ബോർഡിനുണ്ടായിട്ടുള്ള റവന്യൂ കമ്മി നികത്തുന്നതിനും കമ്മി ഉണ്ടാകാതിരിക്കുവാനും, സാമ്പത്തിക വിഭാഗത്തിൽ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.<br>(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നുണ്ട്.<br>(ii) മിതമായ വിലയിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാന ത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ റവന്യൂ കമ്മി കുറച്ചു കൊണ്ടു വരുവാനാണ് ശ്രമിക്കുന്നത്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ, കെ.എസ്.ഇ.ബി സമർപ്പിച്ചിട്ടുള്ള വരവു ചെലവു കണക്കുകൾ അംഗീകരിച്ച് വർദ്ധനവ് നടപ്പിലാക്കുകയാണെങ്കിൽ റവന്യൂ കമ്മി കുറയുന്നതാണ്. കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമായി വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട 1200 കോടി രൂപ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെട്ടുവരുന്നു. |
| (ഡി) റവന്യൂ കമ്മി കുറയ്ക്കാൻ ഭരണപരമായ ചെലവുകൾ നിയന്ത്രിക്കുന്ന കാര്യം പരിശോ-ധിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ റവന്യൂ കമ്മി കുറയ്ക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്. 'ബജറ്ററി കൺട്രോൾ' കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശാനുസരണം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമായ ജീവനക്കാരുടെ എണ്ണം കണ്ടെത്തുന്നതിനുള്ള വിശദമായ പഠനം നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ